By Special messenger

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ/ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ/ സ്വയംഭരണ സ്ഥാപനങ്ങൾ/ സർക്കാർ നിയന്ത്രണത്തിലുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ നൽകുന്ന വായ്പകളുടെ പലിശ നിരക്കും വ്യവസ്ഥകളും മാനദണ്ഡങ്ങളും പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പബ്ലിക് അണ്ടർടേക്കിംഗ്സ്- എ) വകുപ്പ്**

സ.ഉ.(കൈ) നം.169/2018/ധന 　　　　　　　　　　　തീയതി, തിരുവനന്തപുരം 16.05.2018

---

പരാമർശം : 1. 27/04/2013 ലെ 40/2013/ധന നമ്പർ പരിപത്രം.

2. 27/10/2017 ലെ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർക്കാർ അനുവദിച്ച വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചടവ് സംബന്ധിച്ച യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

പരാമർശം ഒന്നിലെ പരിപത്രം പ്രകാരം സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ /സ്വയംഭരണ സ്ഥാപനങ്ങൾ/ സർക്കാർ നിയന്ത്രണത്തിലുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ നൽകുന്ന വായ്പകളുടെ പലിശ നിരക്കും വ്യവസ്ഥകളും മാനദണ്ഡങ്ങളും പുതുക്കി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം രണ്ട് പ്രകാരം, 27/10/2017 ലെ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർക്കാർ അനുവദിച്ച വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചടവ് സംബന്ധിച്ച യോഗത്തിൽ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സ്വയംഭരണ സ്ഥാപനങ്ങൾ/ സർക്കാർ നിയന്ത്രണത്തിലുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ നൽകുന്ന വായ്പകളുടെ തിരിച്ചടവിന്റെ പലിശ നിരക്ക് പുന:പരിശോധിക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സ്വയംഭരണ സ്ഥാപനങ്ങൾ/ സർക്കാർ നിയന്ത്രണത്തിലുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ നൽകുന്ന വായ്പകളുടെ പലിശ നിരക്ക് 9.5% വാർഷിക കൂട്ടുപലിശ എന്ന നിരക്കിൽ നിശ്ചയിച്ച്

ഉത്തരവാകുന്നു. വായ്പ അനുവദിയ്ക്കുന്നതും ആയതിന്റെ തിരിച്ചടവും സംബന്ധിച്ച് പരാമർശം ഒന്ന് പ്രകാരം നിലവിലുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും അതേപടി നിലനിൽക്കുന്നതാണ്.

**( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**മനോജ് ജോഷി**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ജി.ഐ.എം.സി) വകുപ്പ്
എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും / വകുപ്പ് തലവൻമാർക്കും
നോഡൽ ഓഫീസർ ( www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**